STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.249/PR/SPMC/PHQ/2026 Date:23.06.2026

**പത്രക്കുറിപ്പ്**

## ‘സ്പേസ്’ വരുന്നു

## ഇനി പോലീസ് സ്റ്റേഷനുകളിൽ വാഹനം കെട്ടിക്കിടക്കില്ല

_സംസ്ഥാനത്തെ പൊലീസ് സ്റ്റേഷൻ വളപ്പിലും സമീപത്തും വർഷങ്ങളായി കിടക്കുന്ന വാഹനങ്ങൾക്ക് ശാപമോക്ഷമാകുന്നു. ഏറെക്കാലമായുള്ള ആവശ്യത്തിനാണ് നിലവിൽ പരിഹാരമായിരിക്കുന്നത്. ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യാനായി ‘സ്പേസ്’ (Scrap Processing for Area Cleanup and Enhancement- SPACE) എന്ന പേരിൽ പദ്ധതി നടപ്പാക്കുമെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല വാർത്ത സമ്മേളനത്തിൽ അറിയിച്ചു. കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡിന്റെ (കെ.പി.എച്ച്.സി.സി.) നേതൃത്വത്തിൽ കേന്ദ്ര പൊതുമേഖല സ്ഥാപനമായ സീറോ (CERO) യുടെ സഹകരണത്തോടെയാണ് ‘ റീക്ലെയിം, റി ന്യൂ, റിവൈവ് ’ എന്ന ടാഗ് ലൈനിലുള്ള പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാന പോലീസ് മേധാവി ചെയർമാനും കെ.പി.എച്ച്.സി.സി. മാനേജിംഗ് ഡയറക്ടർ അംഗവുമായ സമിതിയാണ് പദ്ധതിക്ക് രൂപം നൽകുക.

പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങളുടെ കണക്കെടുപ്പ് നടത്തി സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും ഇതിലൂടെ പോലീസ് സ്റ്റേഷൻ പരിസരം ശുചിയാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി. വാഹനങ്ങൾ കെട്ടിക്കിടക്കുന്നത് പൊതുജനങ്ങൾക്കും

ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന പരാതി വ്യാപകമായിരുന്നു. വാഹനങ്ങൾ ലേലം ചെയ്യുന്ന ഏർപ്പാട് നിലവിലുണ്ടെങ്കിലും അത് ശാശ്വത പരിഹാരമായിരുന്നില്ല. പദ്ധതി എങ്ങനെ നടപ്പാക്കുമെന്നതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ചെയർമാന്റെ നേതൃത്വത്തിൽ തീരുമാനിക്കുമെന്നും മന്ത്രി അറിയിച്ചു.

കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (കെ.പി.എച്ച്.സി.സി.) സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു രമേശ് ചെന്നിത്തല.

കഴിഞ്ഞ 35 വർഷമായി സ്തുത്യർഹമായ സേവനം നടത്തിവരുന്ന ഏജൻസിയാണ് കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ. പോലീസ് കോർട്ടേഴ്സുകൾ, ആധുനിക പോലീസ് സ്റ്റേഷനുകൾ, മറ്റ് വകുപ്പുകൾ ആവശ്യപ്പെടുന്നതിനനുസരിച്ച് നിർമിച്ച് നൽകുന്ന കെട്ടിടങ്ങൾ എന്നിവയെല്ലാം സമയബന്ധിതമായും ഗുണമേന്മയോടു കൂടിയും നിർമ്മിച്ച് നൽകുന്നതിൽ ഈ കോർപ്പറേഷൻ അംഗീകാരം നേടി കഴിഞ്ഞു. നാളിതുവരെ ഏകദേശം 2000 കോടിയോളം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കെ.പി.എച്ച്.സി.സി ഏറ്റെടുത്ത് നടപ്പാക്കിക്കഴിഞ്ഞു. കാര്യക്ഷമമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതിന് കെ പി എച്ച് സി സി ക്ക് എല്ലാവിധ പിൻതുണയും സർക്കാർ നൽകുമെന്ന് മന്ത്രി ഉറപ്പുനൽകി.

ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ ആസ്ഥാനത്ത് ഉച്ചയോടെയാണ് ആഭ്യന്തരമന്ത്രി സന്ദർശനം നടത്തിയത്. എ.ഡി.ജി.പിയും കെ.പി.എച്ച്.സി.സി മാനേജിങ് ഡയറക്ടറുമായ ഗുഗുലോത്ത് ലക്ഷ്മൺ, സ്ഥാപനം ഏറ്റെടുത്ത് നടത്തുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച പ്രസൻറേഷൻ നടത്തി. സംസ്ഥാന പോലീസ് മേധാവിയും കെ.പി.എച്ച്.സി.സി ചെയർമാനുമായ റവാഡ ആസാദ് ചന്ദ്ര ശേഖർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആഭ്യന്തരവകുപ്പ് ഉപദേഷ്ടാവും റിട്ടയേർഡ് ഡി.ജി.പിയുമായ എ. ഹേമചന്ദ്രൻ, കെ പി.എച്ച്.സി.സി ചീഫ് എൻജിനീയർ ബിജു ദിവാകരൻ, അഡ്മിനിസ്ട്രേറ്റീവ് മാനേജർ പി.കെ ശശീന്ദ്രൻ, കെ.പി.എച്ച്.സി.സിയുടെ ജില്ലാതല ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ സംബന്ധിച്ചു. ജീവനക്കാരുമായി മന്ത്രി ആശയവിനിമയം നടത്തിയതിനുശേഷമാണ് മന്ത്രി മടങ്ങിയത്.

**<u>ഫോട്ടോ ക്യാപ്ഷൻ:</u>**

1. കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ ആസ്ഥാനത്തെത്തിയ ആഭ്യന്തരമന്ത്രിയെ എ.ഡി.ജി.പിയും കെ.പി.എച്ച്.സി.സി മാനേജിങ് ഡയറക്ടറുമായ ഗുഗുലോത്ത് ലക്ഷ്മൺ പൂച്ചെണ്ട് നൽകി സ്വീകരിക്കുന്നു. ഡി.ജി.പിയും സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ സമീപം.

2.കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ ആസ്ഥാനത്തെത്തിയ ആഭ്യന്തരമന്ത്രി ജീവനക്കാരുമായി സംസാരിക്കുന്നു.

3. കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ ആസ്ഥാനത്തെത്തിയ ആഭ്യന്തരമന്ത്രി സേനാംഗങ്ങളുടെ സല്യൂട്ട് സ്വീകരിക്കുന്നു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

***************************






KERALA POLICE HOUSING &
CONSTRUCTION CORPORATION LTD.
Hearty Welcome
to
Shri. RAMESH CHENNITHALA
Minister for Home Affairs & Vigilance)
KERALA POLICE
SAP
SPECIAL ARMED POLICE


KERALA POLICE HOUSING &
CONSTRUCTION CORPORATION LTD.
Hearty Welcome
to
Shri. RAMESH CHENNITH
(Hon'ble Minister for Home Affairs & Vigilan


KAIRALI NEWS
ANI